# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.55 (a)/2025 തിരുവനന്തപുരം, തീയതി: 17/03/2025

## പത്രക്കുറിപ്പ്

**അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്‌സിറ്റീസിന്റെ (AIU) ആഭിമുഖ്യത്തിൽ നടന്ന 38-മത് ദേശീയ അന്തർ സർവകലാശാല കലോത്സവത്തിൽ ഓവർ ഓൾ ചാമ്പ്യൻമാരായ കേരള സർവകലാശാല ടീം അംഗങ്ങൾക്ക് കേരളസർവകലാശാല ഹൃദ്യമായ ആദരം നൽകി.**

അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്‌സിറ്റീസിന്റെ (AIU) ആഭിമുഖ്യത്തിൽ നടന്ന 38-മത് ദേശീയ അന്തർ സർവകലാശാല കലോത്സവത്തിൽ ഓവർ ഓൾ ചാമ്പ്യൻമാരായ കേരള സർവകലാശാല ടീം അംഗങ്ങൾക്ക് കേരളസർവകലാശാല ഹൃദ്യമായ ആദരം നൽകി. സ്റ്റുഡൻസ് സർവീസ് ഡയറക്ടർ സിദ്ധിക്ക് ആർ. സ്വാഗതവും ബഹുമാനപ്പെട്ട സിൻഡിക്കേറ്റ് അംഗം ഡോക്ടർ പി എം രാധാമണി അധ്യക്ഷ പ്രസംഗവും നിർവഹിച്ചു. ചടങ്ങിൽ മുഖ്യപ്രഭാഷണവും വിജയികൾക്കുള്ള അനുമോദന സമ്മാനം ബഹുമാനപ്പെട്ട കേരള സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ ഡോ. മോഹനൻ കുന്നുമ്മൽ നൽകി. സർവകലാശാലയുടെ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജി. മുരളീധരൻ പിള്ള, ഡോ. എസ് നസീബ്, ഡോ. ഷിജുഖാൻ ജെ എസ് , ശ്രീ. ആർ രാജേഷ്, ഡോ. കെ ജി ഗോപ്ചന്ദ്രൻ,അഡ്വ. ആർ ബി രാജീവ് കുമാർ, ഡോ. റഹീം കെ, പ്രൊഫ. മനോജ് വി, ഡോ. ലെനിൻലാൽ എം, പ്രൊഫ. (ഡോ.) പ്രകാശ്. കെ സി, ശ്രീ. അജയ്. ഡി എൻ, ശ്രീ. പി എസ് ഗോപകുമാർ, ശ്രീ. അഹമ്മദ് ഫാസിൽ വൈ., രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ. എസ്. അനിൽ കുമാർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. രാജ്യത്തിലെ മുഴുവൻ സർവകലാശാലകളിൽ നിന്നും വിവിധ മത്സര ഇനങ്ങളിൽ വിജയിച്ച 148 സർവകലാശാലകളോട് മത്സരിച്ചാണ് കേരള സർവകലാശാല ടീം വിജയത്തിന്റെ വെന്നികൊടി പാറിച്ചത്. മത്സരിച്ച 19 ഇനങ്ങളിലും വിജയിച്ചാണ് സർവകലാശാലയുടെ യശസ് വർദ്ധിപ്പിക്കുന്ന ഈ നേട്ടം സംസ്ഥാന നിയന്ത്രണത്തിലുള്ള കേരളസർവകലാശാല നേടിയത്. കേരളത്തിലെ മറ്റൊരു സർവകലാശാലയ്ക്കും ഇതുവരെയും നേടിയെടുക്കാൻ കഴിയാത്ത അപൂർവമായ നേട്ടമാണ് 2025 ൽ ഈ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുന്നതിലൂടെ കേരളത്തിനും തെക്കേ ഇന്ത്യക്കും കേരള സർവകലാശാല സമ്മാനിച്ചത്. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു സർവകലാശാല ഇത്തരത്തിലുള്ള നേട്ടം കൈവരിക്കുന്നത് സമീപകാല ദേശീയകലോത്സവ ചരിത്രത്തിൽ ആദ്യമാണ്. ഈ നേട്ടം കലാരംഗത്ത് കേരള സർവകലാശാല നൽകുന്ന മികച്ച പിന്തുണയ്ക്കുദാഹരണം ആണെന്ന് സ്റ്റുഡൻസ് സർവീസ് ഡയറക്ടറും ടീം മാനേജരുമായ സിദ്ധിക്ക് ആർ വിശദീകരിച്ചു. കലയെ ലഹരിയാക്കിയ കേരള സർവകലാശാലയുടെ വിജയികളോട് ലഹരിക്കെതിരെ ചെറുത്തുനിൽപ്പിന്റെ പുതിയ കലാരൂപങ്ങൾ സൃഷ്ടിക്കുകയും അത് വിദ്യാർത്ഥി സമൂഹത്തിൽ എത്തിക്കുകയും വേണമെന്നും അതിൽ ഓരോ കലാകാരന്മാരും പ്രതിജ്ഞാബദ്ധമായ പങ്കുവഹിക്കണമെന്നും ബഹുമാനപ്പെട്ട വൈസ് ചാൻസിലർ ആവശ്യപ്പെട്ടു. കലയുടെ മാമാങ്കത്തെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ നെടുംതൂൺ ആകുന്ന തരത്തിൽ മാറ്റി പ്രതിഷ്ഠിക്കാൻ കേരള സർവകലാശാലയിലെ മിടുക്കരായ കലാകാരന്മാർക്ക് കഴിയട്ടെ എന്ന് പങ്കെടുത്ത മുഴുവൻ സിൻഡിക്കേറ്റ് അംഗങ്ങൾക്കും വേണ്ടി ശ്രീ. ആർ രാജേഷ് ആശംസകൾ അർപ്പിച്ചു. അനുമോദന ചടങ്ങിന് സർവകലാശാലയുടെ ഡി എസ് എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ നിതിൻ എൻ എസ് നന്ദി രേഖപ്പെടുത്തി.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675** **Whats App No. 8547330240** |